**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1695** **08.06.2018 ൽ മറുപടിയ്ക്ക്**

## തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായുള്ള തരിശുഭൂമി എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

എ) കാട്ടാക്കട മണ്ഡലത്തിലെ 110.5 ഹെക്ടർ തരിശു ഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിസ്തൃതി ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | | തരിശിന്റെ വിസ്തൃതി (ഹെക്ടർ) |
|---|---|---|
| വിളപ്പിൽ | : | 5 |
| പള്ളിച്ചൽ | : | 5 |
| വിളവൂർക്കൽ | : | 5 |
| മലയിൻകീഴ് | : | 1.5 |
| മാറനല്ലൂർ | : | 84 |
| കാട്ടാക്കട | : | 10 |
| **ആകെ** | **:** | **110.5** |

ബി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ബി) തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളും ജില്ലാ പഞ്ചായത്തിന്റെ ജൈവ സമൃദ്ധി പദ്ധതിയും നടപ്പിലാക്കുന്നു. തരിശു നിലങ്ങളിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം വീതിച്ചു നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും രണ്ടാം വർഷം ഇതു യഥാക്രമം 5800/-രൂപയും

1200/-രൂപയും മൂന്നാം വർഷം 3750/-രൂപയും 750/-രൂപയുമാണ് ധനസഹായം.

തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു.ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകന് 25000/- രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകി വരുന്നു.ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽകരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

Mayal

**സെക്ഷൻ ഓഫീസർ.**